# MINDROID

## ST GEORGES MOUNT HIGH SCHOOL , KAIPPATTOOR

# Mindroid <u>e-മാഗസിൻ</u>



## സെൻറ്. ജോർജ്ജസ് മൗണ്ട് ഹൈസ്കൂൾ, കൈപ്പട്ടൂർ

St. Georges Mount High School, Kaippattoor

# ഞങ്ങളുടെ കാവൽ പിതാവ്



St. Georges Mount High School, Kaippattoor

# ഉള്ളടക്കം

സന്ദേശം.................................................5

കൈറ്റ് മിസ്ട്രസ്സ്മാരിലൂടെ...............................7

എഡിറ്റോറിയൽ.........................................8

ലിറ്റിൽ കൈറ്റ്സ്.......................................9

പ്രവർത്തനങ്ങളിലൂടെ.................................11

കപ്പപ്പുഴുക്ക്...............................................13

Riddles...................................................15

The Golden Chains...............................17

Nature Quotes.......................................18

കടങ്കഥകൾ...............................................19

ക്വിസ്.......................................................21

Smile is All You Need...........................23

Funny and Tricky maths.......................25

അധ്യാപകൻ.............................................26

അപ്പൂപ്പനും അമ്മുമയും ചാമ്പങ്ങയും................28

കലയും സംസ്കാരവും..................................32

പ്രകൃതി സംരക്ഷണം.................................36

2019-20 ലൂടെ.......................................39

നന്ദി.......................................................43

# സന്ദേശം



ഈ നാടിൻെറ നന്മയും ചൈതന്യവും മാർഗ ദീപവുമാണ് കൈപ്പട്ടൂർ സെൻറ് ജോർജ്ജസ്സ് മൗണ്ട് ഹൈസ്കൂൾ. പതിറ്റാണ്ടുകളായി തുടരുന്ന കർമ്മകാണ്ഡങ്ങളിലൂടെ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമെന്ന ഖ്യാതി നേടാനും ഈ വിദ്യാലത്തിന് കഴിഞ്ഞിട്ടുണ്ട്. കലാകായിക രംഗത്തും അഭിമാനാർഹമായ നേട്ടങ്ങൾ കരസ്ഥമാക്കിയ ഈ വിദ്യാലയത്തിന് ഇനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ്സിൻറെ പ്രവർത്തനത്തിൻറെ ഭാഗമായ ഡിജിറ്റൽ മാഗസ്സിന് എല്ലാ വിധ ആശംസകളും നേരുന്നു.

മാനേജർ

ജോൺസൺ കീപ്പള്ളിൽ

# സന്ദേശം



കേരള പൊതു വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന കൈറ്റ്സ് ഡിപ്പാർട്മെൻറിൻെറ ആഭിമുഖ്യത്തിൽ കുട്ടികളിൽ ഐറ്റി അധിഷ്ഠിത പഠനം സാധ്യമാക്കുന്നതിനായി രൂപപ്പെട്ട സംഘടനയാണ് ലിറ്റിൽ കൈറ്റ്. ആനിമേഷൻ, കംപ്യൂട്ടിംഗ്, മലയാളം ടൈപ്പിംഗ്, പ്രോഗ്രാമിംഗ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രാവിണ്യം ലഭിക്കാൻ സഹായകമായ പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ് നടത്തി വരുന്നത്. ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ് ശ്രീമതി കെ പ്രിയ, ശ്രീമതി സുനി ജോൺ എന്നീ അധ്യാപകരുടെ അടക്കം ചിട്ടയോടുംകൂടിയ പ്രവർത്തനങ്ങൾ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നു. ലിറ്റിൽ കൈറ്റ് അംഗങ്ങളായ മുപ്പത്തിയേഴ് കുട്ടികളും പരിശീലന പരിപാടികളിൽ താത്പര്യത്തോടെ പങ്കെടുക്കുന്നു.

# കൈറ്റ് മിസ്ട്രസ്സുമാരിലൂടെ.....

 

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി ഹൈസ്കൂളുകളിൽ രൂപീകരിച്ചലിറ്റിൽ കൈറ്റസ് പദ്ധതിയുടെ ഒരു സംരംഭമാണ് ഡിജിറ്റൽ മാഗസ്സിൻ. ലിറ്റിൽ കൈറ്റ്സിൻെറ ക്ലാസ്സുകളിലൂടെ ലഭിച്ച അറിവിൻെറ ചെറിയ പ്രതിഫലമാണ് 'Mindroid' എന്ന ഡിജിറ്റൽ മാഗസ്സിൻ. വിവര സാങ്കേതിക വിദ്യയുടെ വിവിധ തലങ്ങളിലൂടെ കടന്നു പോകുന്നതിന് ഈ ഡിജിറ്റൽ മാഗസ്സിനു കഴിഞ്ഞു.

ലിറ്റിൽ കൈറ്റ്സിൻെറ ഈ സംരംഭത്തോട് സഹകരിച്ച അധ്യാപകർ ഇതിനു സൃഷ്ടികൾ തന്നവർ എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിച്ചു കൊള്ളുന്നു.

ആശംസകളോട്,

സുനി ജോൺ

കെ. പ്രിയ

# എഡിറ്റോറിയൽ

പ്രിയരെ

കൈപ്പട്ടൂർ സെൻറ്.ജോർജ്ജസ് മൗണ്ട് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പരിശ്രമഫലമായി തയ്യാറാക്കിയ 'Mindroid' എന്ന ഇ-മാഗസ്സിൻ നിങ്ങളുടെ വിലയിരുത്തലിനും വായനക്കുമായി സമർപ്പിക്കുന്നു. സാങ്കേതിക വിദ്യയുടെ വളർച്ച വായനയെയും സാഹിത്യത്തെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇ-മാഗസ്സിൻ ഒരു സാധ്യതയാണ്. ഇൻഫർമേഷൻ ടെക്നോളജി പരമാവധി ഉപയോഗിക്കാൻ സാധിക്കുക എന്ന ലക്ഷ്യമാണ് ഈ പ്രവർത്തനത്തിനുള്ളത്.

ആരാധന എ

അഭിരാമി സി എസ്





# ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിൻെറ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകൻെറയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെസങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയപങ്ക് വഹിക്കാനാവും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കുവാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. ഇതിനു തുടർച്ചയായാണ് സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐറ്റി കൂട്ടായ്മ ഹൈടെക് പദ്ധതിയുടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ

അംഗമായ വിദ്യാർത്ഥിക്ക് പരിശീലന കാലയളവിൽ വൈവിധ്യമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിജയപ്പെടുന്നതിന് അവസരം നൽകി. ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനു അവസരമൊരുക്കുന്നതിനാണ് വിവിധവിഷയ മേഖലയിലെ പ്രായോഗികപരിശീലനം പരിശീലനപദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്ക്സ്&അനിനേഷൻ, സ്ക്രാച്ച്, പ്രോഗ്രാമിംഗ്, പൈത്തൺപ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർ മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടിങ്ങും, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ, മികവ് പുലർത്തുന്നവർക്ക് സബ് ജില്ലാ, ജില്ലാ, സംസ്ഥാനതല ക്യാമ്പുകളായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

## ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തനങ്ങളിലൂടെ...



**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ട്രെയിനർ ശ്രീ തോമസ് ഡേവിഡ് ഏക ദിന ക്ലാസ്സ് നടത്തുന്നു.**



പ്രസിദ്ധ കക്കാരിശ്ശി കലാകാരൻ ശ്രീ. എം. ആർ. സി. നായരോടൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.



ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ട്രെയിനർ ശ്രീമതി ശാലിനി എസ് ഏക ദിന ക്ലാസ്സ് നടത്തുന്നു.

കവിത

# കപ്പപ്പുഴുക്ക്

ജി. പ്രീത് ചന്ദനപ്പള്ളി



മൈമുനേടെ പറമ്പീന്ന്
പറിച്ച കാന്താരീം
സരസ്വതീയേച്ചീടെ പൊരേന്ന്
കടം കൊണ്ട നാല്വുള്ളീം
മറിയേടത്തി തന്ന
ഉപ്പും ചേർത്ത്
എന്റമ്മയരച്ച അടച്ചോറ്റി
ചമ്മന്തീൽ മുക്കി
ഞങ്ങൾ നാല്വ വീട്ടിലേ
പിള്ളേരുംകൂടി
കപ്പപ്പുഴുക്ക് തിന്ന
കാലത്ത്
ഞങ്ങളുടെയെല്ലാം ദൈവങ്ങൾ

ഒരേ പൂജാമുറിയിൽ

ഒരേ ഭിത്തിയിൽ

വിവിധ പടങ്ങളായി

തൂങ്ങിയിരുന്നു.

പിന്നീടെപ്പോഴാണ്.....

സ്വർഗ്ഗത്തിലേക്കുള്ള

ഇടവഴി തേടി ഞാനൊറ്റക്കായത് ....

കപ്പയായ കപ്പയൊക്കെ

ചെന്നീരോടി കയ്ച്ച് തുടങ്ങിയത്

കൊല്ലയായ കൊല്ലയിലെല്ലാം

സയനൈഡുകൾ പൂത്തത് .....

ഉള്ളിക്ക് തീ പിടിച്ചെന്ന്.....

അയൽക്കാർ പറഞ്ഞത്

ഉപ്പായ ഉപ്പെല്ലാം കാരമില്ലാതെ

പോയത്..........

മണ്ണായ മണ്ണെല്ലാം ദൈവങ്ങൾ

മോഷ്ടിച്ചെടുത്തത്...

# Riddles

ALBIN K SHAINU

- **Question: What is always coming, but never arrives?**

  **Tomorrow**

- **Question: What can be broken, but is never held?**

  **A Promise**

- **Question: What is it that lives if it is fed, and dies if you give it a drink?**

  **Fire**

- **Question: What word would you use to describe a man who does not have all his fingers on one hand?**

  **Normal, because people usually have half their fingers on one hand**

- **Question: What can one catch that is not thrown?**

  **A cold**

- **Question: What is it that if you have, you want to share me, and if you share, you do not have?**

  **A secret**

- **Question: If a plane crashes on the border between the United States and Canada, where do they bury the survivors?**

  **Survivors are not buried**

- **Question: If it takes eight men ten hours to build a wall, how long would it take four men?**

  **No time, because the wall is already built.**

- **Question: If you have a bowl with six apples and you take away four, how many do you have?**

  **The 4 you took away**

- **Question: If you had only one match and entered a dark room containing an oil lamp, some kindling wood, and a newspaper, which would you light first?**

  **The match**

# *TheGoldenChain*

**ABHIJITH NAIR**

**Friendship is a Golden Chain,
The links are friends so dear,
And like a rare and precious jewel
It’s treasured more each year....**

**It’s clasped together firmly
With a love that’s deep and true,
And it’s rich with happy memories
And fond recollections, too**

**Time that can’t destroy it’s beauty
For, as long as memory lives,
Years can’t erase the pleasure
That the joy of friendship gives...**

**For friendship is a priceless gift
That can’t be sold or brought,
But to have an understanding friend
Is worth for more than gold.....**

**And the golden chain of friendship
Is a strong and blessed tie
Binding kindled hearts together
As the years go passing by**

*Will miss you all.....*

# Nature quotes

ADHARSH S

- Adopt the place of nature; her secret is patience
  - Ralph Waldo Emerson
- Wherever you go no matter what the whether always bring your sunshine
  - Anthony J D Angela
- One touch of nature makes the whole world
  - William Shakespeare
- Look deep into nature, and then you will understand everything better
  - Albert Einstein
- My wish is to stay always like this living quietly in a corner of nature
  - Claude Monet

# കടങ്കഥകൾ

മെറിൻ ബി റെഞ്ചി

1. അടി മുള്ള് നട്ടു കാട് തല കാട്

➢ കൈതച്ചക്ക

2. അകത്തു നിന്ന് നോക്കി കാണും
കാണുന്നതെല്ലാം ഉള്ളിലാക്കും

➢ ക്യാമറ

3. അങ്ങേലെ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേലെ വീട്ടിൽ മുറ്റമടി

➢ മുള

4. അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി
കൂട്ടിമുട്ടും തുഞ്ചാണി

➢ കൺപീലി

5. വെള്ളത്തിൽ പിറന്ന് വെള്ളത്തിൽ വളർന്ന് വായുവിൽ പറന്നു

➢ കൊതുക്

**6.** ഉള്ളിൽ അറബിക്കടൽ അതിനു മീതെ

വെള്ളിത്തകിട് അതിനു മേലെ

പൊന്നിൻ തകിട് ചുറ്റിലും പൊന്തം പൊന്തം

➢ തേങ്ങ

**7.** ഒരമ്മ പെറ്റതെല്ലാം വെള്ള പട്ടാളം

➢ ചിതൽ

**8.** ചെറുതിരിയൊന്നിൽ ചെറുമണിയേറെ

➢ കുരുമുളക്

**9.** ഞാൻ നോക്കിയാലെന്നെ നോക്കും ഞാൻ

ചിരിച്ചാലവനും ചിരിക്കും

➢ കണ്ണാടി

**10.** പൂട്ടാനെളുപ്പം തുറക്കാൻ പ്രയാസം

➢ തൊട്ടാവാടി

# ക്വിസ്

ആദിത്യ സജീവ്

1) മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നതാര് ?

എഴുത്തച്ഛൻ

2) മലയാളത്തിലെ ആദ്യ നോവലേത് ?

കുന്ദലത

3) വീണപൂവിൻറെ രചയിതാവ് ആര് ?

കുമാരനാശാൻ

4) ലോക ബാങ്കിൻറെ ആസ്ഥാനമേത് ?

വാഷിങ്ടൺ

5) ഏറ്റവും ഉയരത്തിലുള്ള തലസ്ഥാനമേത് ?

ലാപാസ്

6) മനുഷ്യൻറെ ആകെ വാരിയെല്ലുകളെത്ര ?

24

7) ഏറ്റവും കട്ടുപ്പമുള്ള ലോഹമേത് ?

ക്രോമിയം

8) ലോക ആരോഗ്യദിനമേത് ?

ഏപ്രിൽ 7

9) ഓസ്ട്രേലിയയുടെ തലസ്ഥാനമേത് ?

കാൻബറ

10. ഇന്ത്യയുടെ ബഹിരാകാശ നഗരം ?

ബാംഗ്ലൂർ

# Smile is all you need

ARJUN A U

"A smile is the prettiest thing you can wear". One smile can make all the difference in the world. One smile has the power to release stress, calm down, make you attractive make someone else happy and it can cause happiness.

When you let your stress levels increase continuously without doing anything to prevent it, you will eventually breakdown, it will take you a long time to put yourself back together again. However, a smile is the cheapest

and fastest cure. Smiling also shows people that you are a positive persons and easy to get along with.

A smile might seen like a simple act than we often take for granted. But a smile is a lot move than just that appear across our faces when we are happy keep these reason in mind and always remember to smile.

# FUNNY & TRICKY MATHS

**THEJUS KRISHNA**

- 0 x 9 + 1 = 1
  1 x 9 + 2 = 11
  12 x 9 + 3 = 111
  123 x 9 + 4 = 1111
  1234 x 9 + 5 = 11111
  12345 x 9 + 6 = 111111
  123456 x 9 + 7 = 1111111
  1234567 x 9 + 8 = 11111111
- 1 x 1 = 1
  11 x 11 = 121
  111 x 111 = 12321
  1111 x 1111 = 1234321
  11111 x 11111 = 123454321
  111111 x 111111 = 12345654321
  1111111 x1111111 = 1234567654321
  11111111 x 11111111 = 123456787654321
  111111111 x 111111111 = 12345678987654321

# അധ്യാപകൻ

പാർവതി കമൽ

ഭാവിതലമുറയെ വാർത്തെടുക്കുന്ന വ്യക്തിയാണ് അധ്യാപകൻ. ഒരു അധ്യാപിക അവളുടെ സ്നേഹത്തിലൂടെയും പരിചരണത്തിലൂടെയും ഞങ്ങൾ ശ്രദ്ധിക്കുകയോ അറിയുകയോ ചെയ്യാത്ത ഞങ്ങളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു.

എല്ലാ സാഹചര്യങ്ങളിലും കുട്ടികൾക്കിടയിൽ ക്രിയാത്മക മനോഭാവം വളർത്താൻ അവർ ശ്രമിക്കുന്നു. നല്ല വിദ്യാർത്ഥികളെ വളർത്തുന്നതിന് നിസ്വാർത്ഥമായ കടമ നൽകുന്ന അനുയോജ്യമായ ഒരു തൊഴിൽ.

ശുചിത്വം, ശുചിത്വം, മറ്റുള്ളവരോടുള്ള പെരുമാറ്റം എന്നിവയെക്കുറിച്ച് അധ്യാപകർ കുട്ടികളെ പഠിപ്പിക്കുന്നു. അവർ ഒരിക്കലും കുട്ടികൾക്കിടയിൽ വ്യത്യാസമില്ല,

എല്ലാവരോടും തുല്യമായി പെരുമാറുന്നു. അവർ വിദ്യാർത്ഥികൾക്ക് അവരുടെ സ്നേഹം, പരിചരണം, അറിവ്, പിന്തുണ എന്നിവ നൽകുന്നു.

ഞങ്ങളുടെ തെറ്റുകൾക്ക് ശിക്ഷിക്കുന്ന ഞങ്ങളുടെ സ്കൂളിലെ അമ്മയാണ് അവർ. എല്ലാ കാര്യങ്ങളിലും പരമാവധി ചെയ്യാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്ന ഒരു വ്യക്തി.ഒരു അധ്യാപകൻ ഒരിക്കലും വിദ്യാർത്ഥികളിൽ നിന്ന് അവരുടെ നല്ല ഭാവിയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കുന്നില്ല.

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും

ആദിത്യ പി എസ്

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പങ്ങ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി. ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെയൊരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം." ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും

കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു. അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്ത ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി. അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ

അതിനെ അടിച്ച കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു.

രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ? "അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.

പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

ഗുണപാഠം :: നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും.....

# കലയും സംസ്കാരവും

ആര്യൻ രാജീവ്

നൂറ്റാണ്ടുകൾ പഴക്കമുള്ള കലാ-സാംസ്കാരിക പൈതൃകമുണ്ട് കേരളത്തിന്. നാടൻ കലകളും അനുഷ്ഠാന കലകളും ക്ഷേത്ര കലകളും മുതൽ ആധുനിക കലാരൂപങ്ങൾ വരെ കേരളീയ സാംസ്കാരിക ജീവിതത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. കേരളീയ കലകളെ പൊതുവേ രണ്ടായി തിരിക്കാം : ദൃശ്യകലകളും ശ്രവ്യകലകളും. രംഗകലകളും അനുഷ്ഠാനകലകളും ചിത്രകലയും സിനിമയും ദൃശ്യകലകളിൽ ഉൾപ്പെടുന്നു.

## രംഗകലകൾ

കേരളീയ രംഗകലകളെ മതപരം, വിനോദം, സാമൂഹികം, കായികം എന്നിങ്ങനെ വേർതിരിക്കാം. മതപരമായ കലകളിൽ ക്ഷേത്രകലകളും അനുഷ്ഠാനകലകളും ഉൾപ്പെടും. കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ, തിടമ്പു നൃത്തം, അയ്യപ്പൻ കൂത്ത്, അർജ്ജുന നൃത്തം, ആണ്ടിയാട്ടം, പാഠകം, കൃഷ്ണനാട്ടം, കാവടിയാട്ടം തുടങ്ങിയ ഒട്ടേറെ ക്ഷേത്രകലകളുണ്ട്. ലാസ്യ നൃത്തമായ മോഹിനിയാട്ടവും ഇതിൽപ്പെടും.

തെയ്യം, തിറ, പൂരക്കളി, തീയാട്ട്, മുടിയേറ്റ്, കാളിയൂട്ട്, പറണേറ്റ്, തൂക്കം, പടയണി (പടേനി), കളം പാട്ട്, കെന്ത്രോൻ പാട്ട്, ഗന്ധർവൻ തുള്ളൽ, ബലിക്കള, സർപ്പപാട്ട്, മലയൻ കെട്ട് എന്നിങ്ങനെ ഒട്ടേറെ കലാരൂപങ്ങളുണ്ട് അനുഷ്ഠാനകലകളായി. അവയുമായി ബന്ധപ്പെട്ട അനുഷ്ഠാന കലാസാഹിത്യവുമുണ്ട്.

യാത്രക്കളി, ഏഴാമുത്തിക്കളി, മാർഗം കളി, ഒപ്പന തുടങ്ങിയവ സാമൂഹിക കലകളും ഓണത്തല്ല്, പരിചമുട്ടുകളി, കളരിപ്പയറ്റ് തുടങ്ങിയവ കായിക കലകളുമാണ്. കാക്കാരിശ്ശി നാടകം, പൊറാട്ടു കളി, തോൽപ്പാവക്കൂത്ത്, ഞാണിൻമേൽകളി തുടങ്ങിയവ വിനോദലക്ഷ്യം മാത്രമുള്ള കലകളുമാണ്. ഇവയ്ക്കു പുറമേയാണ് ആധുനിക നാടക വേദിയും ചലച്ചിത്രവും കഥാപ്രസംഗവും ഗാനമേളയും മിമിക്രിയും ഉൾപ്പെടെയുള്ള ജനപ്രിയകലകളും.

അനുഷ്ഠാനകലകളിൽപ്പെടുന്ന പലതും നാടോടി നാടകങ്ങളാണ്. അനുഷ്ഠാനസ്വഭാവമില്ലാത്ത വിനോദ പ്രധാനമായ നാടോടി നാടകങ്ങളുമുണ്ട്. കുറത്തിയാട്ടം, പൊറാട്ടു നാടകം, കാക്കാരിശ്ശി നാടകം, പൊറാട്ടിന്റെ വകഭേദമെന്നു പറയാവുന്ന പാങ്കളി, ആര്യമ്മാല തുടങ്ങിയവ അനുഷ്ഠാനാംശമില്ലാത്ത നാടോടി

നാടകങ്ങളാണ്. മുടിയേറ്റ്, കാളിയൂട്ട്, നിണബലി, പടയണി, കാളിത്തീയാട്ട്, അയ്യപ്പൻകൂത്ത്, തെയ്യം തുടങ്ങിയവയെല്ലാം അനുഷ്ഠാനാംശമുള്ള നാടോടി നാടകങ്ങളാണെന്നു പറയാം. കോതാമൂരിയാട്ടം അനുഷ്ഠാനാംശം കുറഞ്ഞ നാടകമാണ്.വടക്കൻ കേരളത്തിലെ ഗിരിവർഗ്ഗക്കാർക്കിടയിലുള്ള സീതക്കളി, പത്തനംതിട്ടയിലെ മലവേടരുടെ പൊറാട്ടി, വയനാട്ടിലെ ആദിവാസികൾ ക്കിടയിലുള്ള മാന്ത്രിക കർമ്മങ്ങളായ ഗദ്ദിക, കുള്ളിയാട്ട്, വെള്ളാട്ട് എന്നിവയും ഒരുതരം നാടോടി നാടകങ്ങളാണ്. കണ്യാർകളി, പൂതം കളി, കുമ്മാട്ടി, ഐവർനാടകം, കുതിരക്കളി, വണ്ണാൻകൂത്ത്, മലയിക്കൂത്ത് തുടങ്ങിയവയും ഈ ഗണത്തിൽ വരും.

# പ്രകൃതി സംരക്ഷണം

ആദർശ് പ്രവീൺ

പ്രകൃതി സംരക്ഷണം അടിസ്ഥാനപരമായി വായു, ജലം, സൂര്യപ്രകാശം, കര, സസ്യങ്ങൾ, മൃഗങ്ങളുടെ ജീവൻ, ധാതുക്കൾ തുടങ്ങിയ വിഭവങ്ങളുടെ സംരക്ഷണമാണ്. ഈ വിഭവങ്ങളെല്ലാം മനുഷ്യരാശിയുടെ ഇടപെടലില്ലാതെ പ്രകൃതിയിൽ നിന്നാണ് ലഭിക്കുന്നത്. മനുഷ്യരുടെയും മറ്റ് ജീവികളുടെയും ജീവിതം സുഖകരമാക്കുന്ന വിവിധ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് ഈ വിഭവങ്ങൾ കൂടുതൽ ഉപയോഗിക്കുന്നു.

പ്രകൃതിവിഭവങ്ങളെ പുനരുൽപ്പാദിപ്പിക്കാവുന്ന വിഭവങ്ങളായും പുനരുൽപ്പാദിപ്പിക്കാനാവാത്ത വിഭവങ്ങളായും തിരിച്ചിരിക്കുന്നു. പുതുക്കാവുന്ന വിഭവങ്ങളാണ് സ്വാഭാവികമായി നിറയ്ക്കുന്നത്. വായു , വെള്ളം ,

സൂര്യപ്രകാശം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പുതുക്കാനാവാത്ത വിഭവങ്ങളെ അപേക്ഷിച്ച് ഈ വിഭവങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടുന്നു, കാരണം രണ്ടാമത്തേത് വീണ്ടും നിറയ്ക്കാത്തതും വേഗത്തിൽ കുറയുന്നു.

പ്രകൃതി സംരക്ഷണം ഗൗരവമായി കാണേണ്ട വിഷയമാണ്. വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകൾ പ്രകൃതി സംരക്ഷണത്തിനായി വിവിധ മാർഗങ്ങൾ പ്രയോഗിക്കുമ്പോൾ, വ്യക്തികളും ഈ ദിശയിൽ തങ്ങളുടെ സംഭാവന നൽകാൻ മുന്നോട്ട് വരണം.

മരങ്ങൾ നട്ടുപിടിപ്പിക്കുക, കടലാസ് ഉപയോഗം നിയന്ത്രിക്കുക, വെള്ളവും വൈദ്യുതിയും പാഴാക്കുന്നത് തടയുക, മൃഗങ്ങളെ വേട്ടയാടൽ പോലുള്ള മോശം രീതികൾ അവസാനിപ്പിക്കുക, മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് പ്രകൃതി സംരക്ഷണത്തിന് സാധാരണക്കാർക്ക് സഹായിക്കാവുന്ന ചില

മാർഗ്ഗങ്ങൾ. മുകളിൽ സൂചിപ്പിച്ച ആശയങ്ങൾ പ്രയോഗത്തിൽ വരുത്താൻ വളരെയധികം ആവശ്യമില്ല. എന്നിരുന്നാലും, നമ്മിൽ ഓരോരുത്തരും അതിനായി ഞങ്ങളുടെ സംഭാവന നൽകിയാൽ, അത് വരുത്തുന്ന വ്യത്യാസം വളരെ വലുതാണ്.

# 2019–20 ലൂടെ......

## ➢ ഞങ്ങളുടെ അഭിമാന നിമിഷങ്ങൾ




## ➢ പ്രവേശനോത്സവം



- **പഠനത്തിൽ നിന്നും പാടത്തിലേക്ക്**




- **ഇലക്ട്രോണിക് സംവിധാനത്തിലൂടെ സ്കൂൾ പാർലമെൻറ് ഇലക്ഷൻ**






- **International Yoga Day**




St. Georges Mount High School, Kaippattoor

## ➢ പ്രവർത്തിപരിചയ മേള











# നന്ദി.....

"Mindroid" എന്ന ഇ-മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിച്ചുകൊള്ളുന്നു.